**63**

# നിങ്ങൾക്ക് ചോദ്യങ്ങൾ ഉള്ളപ്പോൾ

**വായനാഭാഗം #26**

VI. മൂന്നാമത്തെ പെസഹ മുതൽ യേശു ബെഥാന്യയിലെത്തുന്നതുവരെ (തുടർച്ച).

S. യെരുശലേമിലേക്കുള്ള അവസാനയാത്ര (ലൂക്കൊ. 17:11) (തുടർച്ച).

4. വിവാഹമോചനത്തെക്കുറിച്ചുള്ള ചോദ്യങ്ങളും – വിവാഹത്തെക്കുറിച്ചുള്ള ഉപദേശവും (മത്താ. 19:3–12; മർക്കൊ. 10:2–12).
5. ശിശുക്കളെക്കുറിച്ചുള്ള തെറ്റിധാരണയും – ശിശുക്കളെപ്പോലെ ആകുന്നതിനെക്കുറിച്ചുള്ള ഉപദേശവും (മത്താ. 19:13–15; മർക്കൊ. 10:13–16; ലൂക്കൊ. 18:15–17).
6. നിത്യജീവനെക്കുറിച്ചുള്ള ഒരു ചോദ്യവും – ധനത്തെക്കുറിച്ചുള്ള ഉപദേശവും (ധനികനായ, യുവാവിന്റെ സംഭവം) (മത്താ. 19:16–26; മർക്കൊ. 10:17–27; ലൂക്കൊ. 18:18–27).
7. പ്രതിഫലത്തെക്കുറിച്ചുള്ള ചോദ്യവും – ദൈവത്തിന്റെ അനുഗ്രഹങ്ങളെക്കുറിച്ചുള്ള ഉപദേശവും മത്താ. 19:27–30; മർക്കൊ. 10:28–31; ലുക്കൊ. 18:28–30), തോട്ടത്തിലെ വേലക്കാരുടെ ഉപമ അടക്കം (മത്താ. 20:1–16).

**മുഖവുര**

ചിലർക്ക് ബൈബിൾക്ലാസ്സിൽ ചോദ്യങ്ങൾ ചോദിക്കുവാൻ മടിയാണ്. ഒരുപക്ഷെ അങ്ങനെ ചെയ്താൽ അവർ ക്ലാസ്സിൽ ശല്യം ഉണ്ടാക്കുകയാണെന്ന തോന്നൽ കൊണ്ടാകാം. അല്ലെങ്കിൽ തങ്ങൾ ചോദ്യം ചോദിച്ചാൽ മറ്റുള്ളവർ തങ്ങളെ അജ്ഞരും അറിവില്ലാത്തവരുമായി കണക്കാക്കിയാലോ എന്ന ഭയമായിരിക്കാം. കാരണം എന്തായാലും, അവരുടെ ചോദ്യങ്ങൾ ചോദിക്കാതെ കിടക്കുമ്പോൾ – ഉത്തരം ലഭിക്കാതിരിക്കുന്നു. സമർത്ഥരായ അദ്ധ്യാപകർ എങ്ങനെയായാലും, ചോദ്യങ്ങൾ സ്വാഗതം ചെയ്യും. ചോദ്യങ്ങൾ പഠിക്കുന്നതിന് ആവശ്യമാണെന്ന് അവർ തിരിച്ചറിയും. ചോദ്യകർത്താവ് ചിന്തിക്കുന്നവനാണെന്ന് ചോദ്യം വ്യക്തമാക്കുന്നു. സത്യസന്ധമായ ചോദ്യം ചോദ്യകർത്താവ് പഠിക്കുവാൻ തയ്യാറായിരിക്കുന്നുവെന്ന് സൂചിപ്പിക്കുന്നു.

നമ്മുടെ കഴിഞ്ഞ പാഠത്തിൽ, പെസഹക്ക് തീർത്ഥാടകരായി പോകുന്നവരോടൊപ്പം, യോർദ്ദാൻനദിയുടെ കിഴക്കേതീരത്തുകൂടെ കടന്ന് യേശു യെരുശലേമിലേക്കുള്ള തന്റെ അവസാനയാത്ര തുടങ്ങിയതായി നാം കണ്ടു. അവൻ യാത്ര ചെയ്യുമ്പോഴും അവൻ നിരന്തരമായി ഉപദേശിച്ച് കൊണ്ടിരുന്നു (മർക്കൊസ് 10:1). തന്റെ ശത്രുക്കൾ അവനോട് നിരന്തരമായി ചോദ്യങ്ങൾ ചോദിച്ചിരുന്നു. (മത്തായി 19:3, 7), അവന്റെ ശിഷ്യന്മാരും (മത്തായി 19:25, 27; മർക്കൊസ് 10:10), കൂടാതെ മറ്റ് പലരും (മത്തായി 19:16, 20). ക്രിസ്തു

വിന്റെ മനസ് ക്രൂശിലായിരുന്നു എങ്കിലും (ലൂക്കൊസ് 12:50; മത്തായി 20:17–19), അവൻ ചോദ്യങ്ങളെ നിരുത്സാഹപ്പെടുത്തിയില്ല, ഒരു ചോദ്യത്തിനും ഉത്തരം പറയാതെയും ഇരുന്നില്ല. "ഗുരു എന്നെ അവഗണിച്ചു എന്നോ; അവനെന്നെ കരുതിയില്ല എന്നോ," ഒരു ചോദ്യകർത്താവും പറഞ്ഞില്ല.

ആ വിധിനിർണായക യാത്രയിൽ ചോദിച്ച ചില ചോദ്യങ്ങളും ഈ പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഒരുപക്ഷേ യേശുവിന്റെ പ്രതികരണം നിങ്ങൾക്കുള്ള ചോദ്യത്തിന് ഉത്തരം നൽകുന്നതായിരിക്കും. ചുരുങ്ങിയത്, ചോദ്യങ്ങൾ ഉണ്ടാകുന്നത് തെറ്റല്ല എന്നും – കർത്താവ് ഉത്തരം നൽകുവാൻ നിങ്ങളെ സഹായിക്കുമെന്നും നിങ്ങൾ മനസിലാക്കണം.

## വിവാഹ മോചനത്തെക്കുറിച്ചോ?
## (മത്താ. 19:3-12; മർക്കൊ. 10:2-12)[1]

### പരീശന്മാർ ചോദിച്ചു (മത്താ. 19:3; മർക്കൊ. 10:2)

ക്രിസ്തു യാത്രചെയ്യുമ്പോഴെല്ലാം അവന്റെ സ്ഥിര പ്രതിയോഗികളായിരുന്ന പരീശന്മാരും ഉണ്ടായിരുന്നു. കുറച്ചു മുമ്പ്, അവർ അവനോട് ചോദിച്ചു, "ദൈവരാജ്യം എപ്പോൾ വരുന്നു" (ലൂക്കൊസ് 17:20)[2] ഇപ്പോൾ അവർ മറ്റൊരു ചോദ്യവുമായി അവനെ തടസപ്പെടുത്തി. "ചില പരീശന്മാർ യേശുവിന്റെ അടുക്കൽ വന്നു, അവനെ പരീക്ഷിച്ചു ചോദിച്ചു, 'ഏതു കാരണം ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ?'" (മത്തായി 19:3). മിക്ക ചോദ്യങ്ങളും ആളുകൾ ചോദിക്കുന്നത് ആത്മാർത്ഥതയോടെ ഉത്തരം പ്രതീക്ഷിച്ച് കൊണ്ടായിരിക്കും. എന്നാൽ ചിലപ്പോൾ മറ്റ് ഉദ്ദേശത്തോടെയും ചോദിക്കാറുണ്ട്. ഈ ചോദ്യം അവനെ കുടുക്കുന്നതിന് വേണ്ടിയായിരുന്നു – പല വശത്തുകൂടയും അവനെ വരിഞ്ഞു മുറുക്കുവാനായിരുന്നു.

ഒരു മനുഷ്യന് തന്റെ ഭാര്യയിൽ "എന്തെങ്കിലും അവിവേകം" കണ്ടാൽ, അവൾക്ക് "ഒരു ഉപേക്ഷണ പത്രം എഴുതിക്കൊടുത്ത്[3] അയക്കാമെന്ന് മോശെ എഴുതിയിരിക്കുന്നു (ആവർത്തനപുസ്തകം 24:1). "എന്ത് കാരണത്താലും" എന്നതിന്റെ അർത്ഥത്തെച്ചൊല്ലി ന്യായപ്രമാണ വിദഗ്ദ്ധർക്കിടയിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുണ്ട്. രണ്ട് പ്രധാനപ്പെട്ട ചിന്തകളാണ് സ്കൂളുകളിൽനിന്നും ഉണ്ടായിട്ടുള്ളത്: ദ സ്കൂൾ ഓഫ് ഹില്ലേലും സ്കൂൾ ഓഫ് ശമ്മായിയും. സ്കൂൾ ഓഫ് ഹില്ലേൽ പറയുന്നത് മോശയുടെ പ്രസ്താവനയായ ഏതു കാരണത്തെച്ചൊല്ലിയും ഭാര്യയെ ഉപേക്ഷിക്കാമെന്നാണ് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്: ഉദാഹരണത്തിന്, അവൾ ദോശചുട്ടപ്പോൾ ഒന്നു കരിഞ്ഞാലോ അല്ലെങ്കിൽ പുരുഷൻ അവളെക്കാൾ സുന്ദരിയും ചെറുപ്പക്കാരിയുമായ മറ്റൊരു സ്ത്രീയെ കണ്ടാലോ മതി എന്നാണ്. സ്കൂൾ ഓഫ് ശമ്മായി പഠിപ്പിച്ചിരുന്നത് ലൈംഗിക അധാർമികത നിമിത്തം മാത്രമേ ഭാര്യയെ ഉപേക്ഷിക്കുവാൻ പാടുള്ളു എന്നാണ്. പരീശന്മാർ വിചാരിച്ചത് ക്രിസ്തു ഇതിൽ ഏതെങ്കിലും ഒന്നിനെ നായീകരിക്കും എന്നാണ്, അങ്ങനെ ആ കാഴ്ചപ്പാടിനെ എതിർക്കുന്ന എല്ലാവരേയും കൂട്ടാം എന്നുമായിരുന്നു.

കൂടാതെ, മുമ്പ് യേശു വിവാഹ മോചനത്തിനെതിരായി പഠിപ്പിച്ചിരുന്നു (മത്തായി 5:31, 32) അവൻ മോശയുമായി വിയോജിക്കുന്നു എന്ന് പരീശന്മാർക്ക് സ്ഥിരീകരിക്കുവാൻ കഴിഞ്ഞാൽ, അവനെ അവർക്ക് ആളുകൾക്കിടയിൽ അപകീർത്തിപ്പെടുത്തുവാൻ കഴിയുമായിരുന്നു. ക്രിസ്തു *എന്തു*

*ത്തരം* നൽകിയാലും, അതിൽ അവനെ കുടുക്കാമെന്നാണ് അവർ വിചാരിച്ചത്. അത് ഒരു കുഴപ്പം പിടിച്ച സാഹചര്യമായിരുന്നു[4].

**യേശു ഉത്തരം പറഞ്ഞു (മത്താ. 19:3-6; മർക്കൊ. 10:6-9[5])**

ഞാൻ പഠിപ്പിക്കുമ്പോൾ ചോദ്യങ്ങൾക്ക് ഉത്തരം പറയുവാൻ എനിക്ക് ഇഷ്ടമാണ് – എന്നാൽ വിവാഹമോചനത്തെക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നത് എനിക്ക് ഇഷ്ടമുള്ള കാര്യമല്ല. ഒരു ക്ലാസ്സിൽ ആദ്യം ചോദിക്കുന്ന വിഷയം അതാണെങ്കിൽ, ഞാൻ പറഞ്ഞേക്കാം, "ആദ്യം തുടങ്ങുവാനായി എളുപ്പമുള്ളത് നൽകുക!" എങ്ങനെ ആയാലും, യേശുവിന്, മറുപടി പറയുവാൻ മടിയില്ലായിരുന്നു. ഏതെങ്കിലും ഒരു സ്കൂളിന്റെ ആശയത്തെ അനുകൂലിക്കാതെ യേശു അവരുടെ കുടുക്കിൽ നിന്ന് രക്ഷപ്പെട്ടു. പകരം ഉല്പത്തി. 1 ലും 2 ലും വിവാഹത്തെ ദൈവം രൂപപ്പെടുത്തിയ ഉദ്ദേശത്തിലേക്ക് അവൻ പോയി:

> അതിന് അവൻ, "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു[6] എന്നും, അതുനിമിത്തം മനുഷ്യൻ അപ്പനേയും അമ്മയേയും വിട്ട് ഭാര്യയോട് പറ്റിച്ചേരും; ഇരുവരും ഒരു ദേഹമായിതീരും[7] എന്ന് അരുളിചെയ്തു എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ട് അവർ മേലാൽ രണ്ടല്ല, ഒരു ദേഹമത്രേ; ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുത്" (മത്തായി 19:4–6).[8]

മോശെ ആവർത്തനപുസ്തകം 24–ൽ എഴുതിയതിനെക്കുറിച്ചായിരുന്നു പരീശന്മാർ ചോദിച്ചത്. മോശെ ആ വിഷയത്തെക്കുറിച്ച് അതിന് മുമ്പ് എഴുതിയതായിരുന്നു ക്രിസ്തു അവരെ ഓർമിപ്പിച്ചത്. അങ്ങനെ അവന് ആ വലിയ നായകനുമായി അഭിപ്രായ വ്യത്യാസം ഇല്ലാ എന്നു കാണിച്ചു.

**പരീശന്മാർ ചോദിച്ചു (മത്താ. 19:7)**

നിരുത്സാഹത്തോടെ പരീശന്മാർ ചോദിച്ചു, "എന്നാൽ ഉപേക്ഷണ പത്രം കൊടുത്തിട്ട് അവളെ ഉപേക്ഷിപ്പാൻ മോശെ കൽപ്പിച്ചതെന്ത്?" (മത്തായി 19:7). മറ്റൊരുവാക്കിൽ പറഞ്ഞാൽ, "വിവാഹം സ്ഥിരമായിരിക്കാനാണ് ദൈവം ആഗ്രഹിച്ചതെങ്കിൽ, മോശെ എന്തിനാണ് ആവർത്തന പുസ്തകം 24:1–4 എഴുതിയത്?"[9]

**യേശു ഉത്തരം പറഞ്ഞു (മത്താ. 19:8, 9)**

യേശു മറുപടിപറഞ്ഞു, "നിങ്ങളുടെ ഹൃദയ കാഠിന്യം നിമിത്തമത്രേ ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ അനുവദിച്ചത്; ആദിയിൽ അങ്ങനെ അല്ലായിരുന്നു" (മത്തായി 19:8). പരീശന്മാർ പറഞ്ഞത് ഭാര്യമാരെ ഉപേക്ഷിപ്പാൻ മോശെ *കല്പിച്ചു* എന്നായിരുന്നു (വാ. 7), എന്നാൽ ക്രിസ്തു പറഞ്ഞത് മോശെ *അനുവദിച്ചു* എന്നാണ് (വാ. 8) – അതൊരു വലിയ വ്യത്യാസമാണ്.

ബൈബിളിന്റെ "ആരംഭം മുതൽ," വിവാഹം സ്ഥിരമായിരിക്കണം എന്നായിരുന്നു ദൈവം ഉദ്ദേശിച്ചത് (വാ. 8; ഉല്പത്തി 2:24). പഴയനിയമത്തിന്റെ ആവസാനം, ദൈവം പറഞ്ഞു, "ഞാൻ ഉപേക്ഷണം വെറുക്കുന്നു" (മലാഖി 2:16). അത് അങ്ങനെയാണെങ്കിൽ, പിന്നെ ഉപേക്ഷണം അനുവദിച്ചതെന്തിന്?

അത് അവരുടെ "ഹൃദയ കാഠിന്യം നിമിത്തമായിരുന്നു" എന്ന് യേശു പറഞ്ഞു. അപക്വമായ കുട്ടികളുടെ ചില സ്വാതന്ത്ര്യങ്ങൾ പ്രായമായവർ ചിലപ്പോൾ അനുവദിക്കാറുണ്ട്. അതുപോലെ, ആദ്യം യിസ്രായേൽ ജനത്തോട് ദൈവം ഇടപെട്ടപ്പോൾ വാസ്തവത്തിൽ തനിക്ക് അംഗീകരിപ്പാൻ കഴിയാത്തത് അവൻ അംഗീകരിച്ചു കൊടുത്തു.[10] നമ്മെ ഇത് (പ്രവൃത്തികൾ 17:30 ഓർപ്പിക്കുന്നു: "എന്നാൽ അറിയായ്മയുടെ കാലങ്ങളെ ദൈവം ലക്ഷ്യമാക്കാതെ ഇപ്പോൾ എല്ലായിടത്തും എല്ലാവരും മാനസാന്തരപ്പെടേണമെന്ന് മനുഷ്യരോട് കല്പിക്കുന്നു."[11]

പരീശന്മാർ വിചാരിച്ചിരുന്നു എങ്കിൽ യേശു മുമ്പ് വിവാഹത്തേയും വിവാഹമോചനത്തേയും കുറിച്ച് പഠിപ്പിച്ചത് പറയുവാൻ ആവശ്യപ്പെടാമായിരുന്നു (മത്തായി 5:31, 32), എന്നാൽ അവർക്ക് തെറ്റിപ്പോയി. ഒരു ഒഴികഴിവ് ചേർത്തുകൊണ്ട് അവൻ മുമ്പ് പഠിപ്പിച്ചത് ആവർത്തിച്ചു: "ഞാനോ നിങ്ങളോട് പറയുന്നത്, പരസംഗം നിമിത്തമല്ലാതെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിക്കുന്നവൻ വ്യഭിചാരം ചെയ്യുന്നു" (മത്തായി 19:9).[12]

യോശുവിനെ കുടുക്കുവാൻ ശ്രമിച്ച പരീശന്മാർ ഒരിക്കൽകൂടി പരാജയപ്പെട്ടു. അവരുടെ മുഖം വീണ്ടും വിവർണമായി, എന്നതിൽ സംശയമില്ല.

### ശിഷ്യന്മാർ ചോദിച്ചു; യേശു ഉത്തരം പറഞ്ഞു; ശിഷ്യന്മാർ ചോദിച്ചു (മർക്കൊ. 10:10-12; മത്താ. 19:10)

പിന്നീട്, ക്രിസ്തു തന്റെ ശിഷ്യന്മാരുമായി തനിച്ചായപ്പോൾ,[13] ആ വിഷയത്തെക്കുറിച്ച് അവർ ചോദിച്ചിരുന്നു (മർക്കൊസ് 10:10). ഒരു മനുഷ്യൻ തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നതിനെക്കുറിച്ച്. യേശു ആദ്യം പഠിപ്പിച്ചത് ആവർത്തിച്ചു (മർക്കൊസ് 10:11). പിന്നെ അവൻ ഒരു സ്ത്രീ തന്റെ ഭർത്താവിനെ ഉപേക്ഷിക്കുന്നതിനെക്കുറിച്ച് അവന്റെ ചിന്ത വിപുലീകരിച്ചു: "സ്ത്രീയും ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരുത്തനുമായി വിവാഹം കഴിഞ്ഞാൽ വ്യഭിചാരം ചെയ്യുന്നു" (മർക്കൊസ് 10:12). യഹൂദന്മാർക്കിടയിൽ, വിവാഹമോചനം ഒരു മനുഷ്യന്റെ പ്രത്യേക അവകാശമായി കഴിഞ്ഞിരുന്നു, എന്നാൽ, ചില സാഹചര്യങ്ങളിൽ ഒരു സ്ത്രീക്ക് കോടതിയിൽ പോയി തന്റെ ഭർത്താവിൽ നിന്ന് നിർബന്ധമായി ഉപേക്ഷണപത്രം വാങ്ങാൻ കഴിഞ്ഞിരുന്നു.[14] ജാതികൾക്കിടയിൽ സ്ത്രീകൾ വിവാഹമോചനത്തിന് മുന്നിട്ടിറങ്ങുന്നത് കൂടുതലായിരുന്നു (1 കൊരിന്ത്യർ 7:13 നോക്കുക).[15]

ഇന്ന്, വിവാഹത്തിന്റെ സ്ഥിരതയെക്കുറിച്ചുള്ള ക്രിസ്തുവിന്റെ ഉപദേശത്തിന്റെ പ്രാധാന്യം ആളുകൾ മനസിലാക്കുന്നില്ല, എന്നാൽ ആ പോയിന്റ് ശിഷ്യന്മാരിൽ നിന്ന് വിട്ടുമാറിയില്ല. അവർ പറഞ്ഞു, "സ്ത്രീയെസംബന്ധിച്ച് മനുഷ്യന്റെ അവസ്ഥ ഇങ്ങനെയെങ്കിൽ വിവാഹം കഴിക്കുന്നത് നന്നല്ല" (മത്തായി 19:10). മറ്റൊരു വാക്കിൽ പറഞ്ഞാൽ, "വിവാഹം കഴിച്ച് അബദ്ധത്തിൽ കുടുങ്ങുന്നതിനേക്കാൾ വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത്." ബൈബിൾ പരിജ്ഞാനമില്ലാത്തവരും ലൗകിക-മനസുള്ളവരും വിചാരിക്കുന്നത് ആയുഷ്കാല വിവാഹബന്ധത്തെക്കാൾ പുരുഷനും സ്ത്രീക്കും പരസംഗത്തിൽ ജീവിക്കുന്നതാണ് നല്ലത് എന്നത്രേ.[16]

### യേശു ഉത്തരം പറഞ്ഞു (മത്താ. 19:11, 12)

യേശു മറുപടി പറഞ്ഞു, "വരം ലഭിച്ചവർ അല്ലാതെ എല്ലാവരും ഈ

വചനം ഗ്രഹിക്കുന്നില്ല" (വാ. 11). ഈ "പ്രസ്താവനയുടെ" എതിരാണ് ശിഷ്യന്മാർ പറഞ്ഞതായ "വിവാഹം കഴിക്കാതിരിക്കുന്നത് നല്ലത്." "എല്ലാവരും" ഇതു ഗ്രഹിക്കുന്നില്ലാ എന്ന് ക്രിസ്തു പറഞ്ഞപ്പോൾ, അവൻ സമ്മതിക്കുന്നത് എല്ലാവർക്കും ബ്രഹ്മചര്യാവസ്ഥയിൽ ജീവിക്കുവാൻ സാധ്യമല്ലാ എന്നാണ്. അവൻ ആദ്യം പറഞ്ഞത് സ്വാഭാവികമായി ബ്രഹ്മചര്യാവസ്ഥയിൽ ജീവിക്കുവാൻ നിർബന്ധിതരായവരെക്കുറിച്ചാണ്. (ജന്മനാ ലൈംഗികബന്ധം പുലർത്താൻ കഴിയാത്തവർ; വാ. 12), പിന്നെ മനുഷ്യരാൽ ബ്രഹ്മചര്യജീവിതം നയിക്കുവാൻ നിർബന്ധിതരായ ആളുകളെക്കുറിച്ചു പറയുന്നു (മനുഷ്യർ മനുഷ്യരാൽ നിർവീര്യരാക്കപ്പെട്ടവർ[17]; വാ. 12).

അവസാനം, "ദൈവരാജ്യം സംബന്ധിച്ച് തങ്ങളെത്തന്നെ ഷണ്ഡൻമാരാക്കിയവരെക്കുറിച്ചു" പറഞ്ഞു (വാ. 12). ഇത് വ്യക്തികൾ തങ്ങളുടെ അംഗഭംഗം വരുത്തുന്നതിനെക്കുറിച്ചല്ല പറയുന്നത്; ശരീരത്തെ ദൈവത്തിന്റെ "മന്ദിരം" ആയി കണക്കാക്കണം (1 കൊരിന്ത്യർ 6:19; റോമർ 12:1 നോക്കുക). മറിച്ച്, അവിടെ പറയുന്നത് മനപൂർവ്വം തങ്ങളുടെ ജീവിതത്തെ ബ്രഹ്മചര്യാവസ്ഥയിൽ നിലനിർത്തി ദൈവത്തേയും മനുഷ്യരേയും സേവിക്കുന്നതിനുവേണ്ടി ഉഴിഞ്ഞുവെക്കുന്നതാണ് (1 കൊരിന്ത്യർ 7:32–34 നോക്കുക).[18] യേശു പറഞ്ഞു, "ഗ്രഹിപ്പാൻ കഴിയുന്നവൻ, ഗ്രഹിക്കട്ടെ" (മത്തായി 19:12). സ്പഷ്ടമായും അത് "നൽക" പ്പെട്ടിരുന്നില്ല (വാ. 11). പരീക്ഷണത്തിന് വിധേയരാകാതെ ബ്രഹ്മചര്യത്തിൽ ജീവിക്കുവാൻ പ്രയാസമുള്ള നമുക്ക് മിക്കപേർക്കും; ഒരു തുണ ഉണ്ടാകുന്നതാണ് നല്ലത് (1 കൊരിന്ത്യർ 7:2, 7 നോക്കുക).

ക്രിസ്തു തന്റെ ശിഷ്യൻമാർക്ക് നൽകിയതായ ഉപദേശത്തെ നമുക്ക് ഇങ്ങനെ ചുരുക്കാം: "വിവാഹം കഴിക്കുന്നത് നല്ലതാണ്. എന്നാൽ അത് ആയുഷ്കാലത്തേക്കാണ് എന്ന് വിവാഹം കഴിക്കുന്നവർ മനസിലാക്കണം!"

## എന്നാൽ കുട്ടികളോ?
## (മത്താ. 19:13-15; മർക്കൊ. 10:13-16; ലൂക്കൊ. 18:15-17)[19]

### കുട്ടികൾ പ്രാധാന്യമുള്ളവരാണ്

ഒരു വിശ്രമസമയത്ത് അനുഗ്രഹിക്കേണ്ടതിനു അമ്മമാർ കുട്ടികളെ യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. അമ്മമാർ തങ്ങളുടെ കുട്ടികളെ മതാദ്ധ്യക്ഷന്മാരുടെ അടുക്കൽ പ്രാർത്ഥിപ്പാൻ കൊണ്ടുവരുന്നത് അസാധാരണമായിരുന്നില്ല.[20]

ആ സ്ത്രീകളെ ക്രിസ്തുവിന്റെ ശിഷ്യന്മാർ ശാസിച്ചു. ഒരുപക്ഷെ ആ അമ്മമാർ, സാഹസത്തിനായിരിക്കാം തുനിഞ്ഞത്. ഒരുപക്ഷെ അത് അവർ യേശുവിനെ സംരക്ഷിക്കുന്നതിനാവാം തടഞ്ഞത്, (അവർ വിചാരിച്ചു) കുട്ടികൾക്കു വേണ്ടി സമയം പാഴാക്കുന്നതിനേക്കാൾ "കൂടുതൽ പ്രാധാന്യമുള്ള വേറെയും കാര്യങ്ങൾ ചെയ്യാനുണ്ടല്ലോ." ആ ശാസിച്ചവരെ യേശു ശാസിച്ചു: "ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്; സ്വർഗരാജ്യം ഇങ്ങനെ ഉള്ളവരുടേതല്ലോ" (മത്തായി 19:14).

ക്രിസ്തു കുട്ടികൾക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ അത് ഓരോ രക്ഷകർത്താവിന്റേയും ഹൃദയത്തെ സ്പർശിക്കുന്നതായിരുന്നു: "പിന്നെ അവൻ അവരെ അണച്ചു അവരുടെമേൽ കൈവച്ചു[21] അവരെ അനുഗ്രഹിച്ചു"[22]

(മർക്കൊസ് 10:16). എച്ച് ഐ. ഹെസ്റ്റർ എഴുതി, "... നാം നിന്ന് ചിന്തിക്കുന്നത് പോലെയല്ല കുട്ടികൾ എന്ന് ഓർക്കുക. തീർച്ചയായും, ഇന്ന് കുട്ടികൾക്ക് നൽകുന്ന അതീവ ശ്രദ്ധയും അനുമോദനവും ക്രിസ്തുവിന്റെ ഉപദേശത്തോട് നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു.[23] റോബർട്ട് കൾവർ പറഞ്ഞു "യേശു പഠിപ്പിക്കുന്നതുവരെ മനുഷ്യർക്ക് കുട്ടികളോടുള്ള ബന്ധം ശരിയായി കൊണ്ടുപോകുവാൻ കഴിഞ്ഞിരുന്നില്ല."[24]

### ശിശുക്കളെപ്പോലെ ആകുക എന്നത് ആജ്ഞാ സ്വഭാവമുള്ളതാണ്

ക്രിസ്തു വീണ്ടും ശിശുവിനെപ്പോലെ ആകേണ്ടതിന്റെ പ്രത്യേകത പഠിപ്പിച്ചു (ഊഹിക്കാതെ, ആശ്രയിക്കാവുന്നതും, ഉപദേശിക്കാവുന്നതും).[25] "ദൈവരാജ്യത്തെ ശിശു എന്നപോലെ കൈകൊള്ളാത്തവരാരും ഒരുനാളും അതിൽ കടക്കുകയില്ല" (മർക്കൊസ് 10:15).

ഒരുപക്ഷെ യേശു ശിശുക്കളെ അനുഗ്രഹിച്ചതായ സ്പർശിക്കുന്ന സംഭവം ശിശുക്കളെ "സ്നാനം" കഴിപ്പിക്കുന്ന-വർക്ക് നീതീകരിക്കുവാൻ കഴിയുകയില്ല. തികച്ചും അതിനെതിരായി, ക്രിസ്തുവിന്റെ വാക്കുകൾ സുചിപ്പിക്കുന്നത് ശിശുക്കൾ വിശുദ്ധരും നിർമ്മലരുമായിട്ടാണ് ജനിക്കുന്നത് എന്നാണ്. അവരെ സ്വർഗത്തിനായി ഒരുക്കുവാൻ മനുഷ്യ-നിർമിതമായ ഒരു ചടങ്ങും ആവശ്യമില്ല.

## ധനത്തെ സംബന്ധിച്ചോ?
## (മത്താ. 19:16-26; മർക്കൊ. 10:17-27; ലൂക്കൊ. 18:18-27)

### ധനവാനുള്ള ഒരു വെല്ലുവിളി (മത്താ. 19:16-22; മർക്കൊ. 10:17-22; ലൂക്കൊ. 18:18-23)

യേശു ശിശുക്കൾക്കു വേണ്ടി പ്രാർത്ഥിച്ച ശേഷം അവൻ യെരുശലേമിലേക്കുള്ള യാത്ര വീണ്ടും ആരംഭിച്ചു (മത്തായി 19:15). വീണ്ടും, അവനെ നിർത്തി – ഇപ്പോൾ ഒരു യുവാവ് സമ്മർദ്ദ ചോദ്യവുമായി വന്നു (മർക്കൊസ് 10:17). ആ മനുഷ്യനെ പൊതുവിൽ "ധനികനായ, യുവപ്രമാണി," എന്ന് വിളിച്ചിരിക്കുന്നു. അവനെ അങ്ങനെ ഒരു വേദഭാഗം മാത്രം പറയുന്നില്ല; എന്നാൽ ലൂക്കൊസ് 18:18 പറയുന്നത് അവൻ ഒരു പ്രമാണി ആയിരുന്നു എന്നാണ്,[26] മത്തായി 19:20, 22 പറയുന്നത് അവൻ ഒരു യുവാവായിരുന്നു എന്നാണ്, മറ്റു ചുരുക്ക സുവിശേഷ വിവരണങ്ങൾ സൂചിപ്പിക്കുന്നത് അവൻ ധനവാനായിരുന്നു എന്നാണ് (ലൂക്കൊസ് 18:23; മത്തായി 19:22; മർക്കൊസ് 10:22 നോക്കുക).

ധനവാനായ, യുവ പ്രമാണി യേശുവിന്റെ അടുക്കൽ ഓടിവന്ന് "അവന്റെ മുമ്പിൽ മുട്ടുകുത്തി അവനോട് ചോദിച്ചു, 'നല്ല ഗുരോ, നിത്യജീവൻ അവകാശമാക്കുവാൻ ഞാൻ എന്തു ചെയ്യേണ്ടു?'" (മർക്കൊസ് 10:17),[27] "നല്ല" എന്ന വാക്കിനോട് യേശു ആദ്യം പ്രതികരിച്ചു. "നീ എന്നെ നല്ലവൻ എന്ന് പറയുന്നതെന്ത്, ദൈവം അല്ലാതെ നല്ലവനായി ആരും ഇല്ല." (മർക്കൊസ് 10:18). ചിലർ അവകാശപ്പെടുന്നത് പോലെ, അവൻ ദൈവം അല്ലാ എന്ന് പറയുകയായിരുന്നില്ല. മറിച്ച്, ആ യുവാവിന് "നല്ല" എന്ന വാക്കിൽ അടങ്ങിയിരുന്ന മുഴുവൻ സുചനയും ധരിപ്പിക്കുകയാണ് ചെയ്തത്, അപ്പോൾ താൻ ദൈവം ജഡത്തിൽ വന്നവനാണെന്ന് അവൻ അറിയും

(യോഹന്നാൻ 1:1, 14; മത്തായി 1:23). മറ്റൊരു രീതിയിൽ പറഞ്ഞാൽ, യേശു ആ മനുഷ്യന്റെ വിശ്വാസത്തെ വളർത്തുവാൻ ശ്രമിക്കുകയായിരുന്നു – അവന് ഉടനെ നേരിടേണ്ട വെല്ലുവിളി അതിജീവിക്കുവാൻ ആവശ്യമായ വിശ്വാസം.

ക്രിസ്തു പിന്നീട് നിത്യജീവൻ അവകാശമാക്കുന്നതിനെ കുറിച്ചുള്ള ചോദ്യത്തോട് പ്രതികരിച്ചു. ആ മനുഷ്യനെ ആദ്യം മോശയുടെ ന്യായപ്രമാണം ഓർപ്പിച്ചു, അന്ന് പ്രാബല്യത്തിലിരുന്ന നിയമം അതായിരുന്നു.[28] പ്രത്യേകിച്ച്, പത്തു കൽപ്പനകളിലെ അഞ്ചെണ്ണം അവൻ ഓർപ്പിച്ചു. "വ്യഭിചാരം ചെയ്യരുത്, കുല ചെയ്യരുത്, മോഷ്ടിക്കരുത്, കള്ളസ്സാക്ഷ്യം പറയരുത്, നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക എന്നീ കൽപ്പനകളെ നീ അറിയുന്നുവല്ലോ" (ലൂക്കൊസ് 18:20; പുറപ്പാട് 20:12–16; ആവർത്തനപുസ്തകം 5:16–20 നോക്കുക).[29] മറ്റൊരു വാക്കിൽ പറഞ്ഞാൽ, "നിങ്ങൾക്ക് നിത്യജീവൻ വേണമെങ്കിൽ, ദൈവം പറയുന്നത് ചെയ്യുക." ആ പ്രമാണി മറുപടി പറഞ്ഞു, "ഗുരോ, ഞാൻ ഇവ യൊക്കേയും ബാല്യം മുതൽ ചെയ്തു പോരുന്നു"; "ഇനി എന്നിൽ ഉള്ള കുറവ് എന്ത്?" (മർക്കൊസ് 10:20; മത്തായി 19:20).

ക്രിസ്തുവിന്, മനുഷ്യരുടെ ഹൃദയം കാണുവാൻ കഴിഞ്ഞതു കൊണ്ട്, അവന്റെ ശരിയായ ആഗ്രഹത്തേയും ശക്തിയേയും അവൻ മനസിലാക്കി. മർക്കൊസ് പറഞ്ഞത് "യേശു അവനെ നോക്കി, അവനെ സ്നേഹിച്ചു എന്നാണ്" (മർക്കൊസ് 10:21; കെജെവി). അവൻ ഒരു പ്രത്യേക യുവാവായിരുന്നു. അതുകൊണ്ട് കർത്താവ് അവനോട് പറഞ്ഞു, "നിനക്ക് ഒരു കുറവുണ്ട്:[30] നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുക്ക, എന്നാൽ നിനക്ക് സ്വർഗത്തിൽ[31] നിക്ഷേപം ഉണ്ടാകും, പിന്നെ, വന്ന് എന്നെ അനുഗമിക്ക"[32] (മർക്കൊസ് 10:21).

"നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുക്ക" എന്നത് ശിഷ്യത്വത്തിനു വേണ്ട സർവ്വദേശീയ കൽപ്പനയല്ലാ എന്ന് പൊതുവിൽ എല്ലാവരും സമ്മതിക്കും.[33] അതങ്ങനെയാകുമ്പോൾ, യേശു എന്തിനാണ് ആ യുവാവിന് ആ നിർദ്ദേശങ്ങൾ നൽകിയത്? അതിന് രണ്ടു സാധ്യതകളാണുള്ളത്:

(1) ക്രിസ്തുവിന് ആ മനുഷ്യന്റെ ഹൃദയത്തിലേക്ക് നോക്കുവാൻ കഴിഞ്ഞതുകൊണ്ട്, അയാളുടെ പ്രാഥമിക പ്രശ്നമായ മോഹത്തെ കാണുവാൻ കഴിഞ്ഞു. പത്തുകൽപനകളിൽ *അഞ്ചും* യേശു ഉദ്ധരിച്ചതായി ഞാൻ പറഞ്ഞുവല്ലോ – എന്നാൽ ആ കൽപനകളിലെ അവസാനത്തെ *ആറെണ്ണം* ഒരു യൂണിറ്റായി കണക്കാക്കിയിരുന്നു (ഒരാൾ തന്റെ സഹമനുഷ്യനോട് എങ്ങനെ പെരുമാറണമെന്ന് ചുരുക്കിപ്പറയുന്നു). ആ ആറെണ്ണത്തിൽ യേശു ഉദ്ധരിക്കാത്തത് ഏത്? പത്താമത്തെ കൽപ്പന: ''നീ മോഹിക്കരുത്'' (പുറപ്പാട് 20:17; ആവർത്തനപുസ്തകം 5:21).[34] അത് വിട്ടുകളഞ്ഞത് മനപ്പൂർവമായിരുന്നു എന്ന് തോന്നുന്നു; ആ പ്രമാണിക്കും നിത്യജീവനും ഇടയിൽ നിന്നിരുന്നത് മോഹമായിരുന്നു എന്ന് സ്പഷ്ടം. ഒരു ശിഷ്യൻ ആരായിരിക്കേണമോ അതിന് തടസ്സമായി നിൽക്കുന്ന*തെന്തും* വിട്ടുകളയുവാൻ അവൻ തയ്യാറാകണമെന്ന് യേശു പഠിപ്പിച്ചിരുന്നു (മത്തായി 5:29, 30; 18:8, 9). ഉള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുക്ക എന്നത് ഒരു സർവ്വദേശീയ നിയമമായിരുന്നില്ല. എന്നാൽ "നിശ്ചയമില്ലാത്ത ധനത്തിൽ" ആശവെച്ചിരിക്കുന്ന എല്ലാവരേയും അത് ബാധിക്കുന്നതാണ് (1 തിമൊഥെയൊസ് 6:17).

(2) യേശു ആ മനുഷ്യനെ സ്നേഹിക്കയും അവന്റെ ശക്തിയെ മനസിലാക്കുകയും ചെയ്തു എന്ന് നാം കണ്ടുവല്ലൊ. ആ യുവ പ്രമാണിയോട്

അവന് ഉള്ളതെല്ലാം വിറ്റ് ദരിദ്രർക്ക് കൊടുത്ത ശേഷം വന്ന് അനുഗമിക്കുവാൻ പറഞ്ഞതിന്റെ കാരണം ഒരുപക്ഷെ മുഴുവൻ–സമയ ശിഷ്യത്വത്തിനു വേണ്ടി ആകാം – അതിന് എല്ലാം വിട്ടുകളയേണ്ടതുണ്ട്. (ആ സംഭവത്തിന്റെ പിൻതുടർച്ച നോക്കുക: മത്തായി 19:27.)[35]

ക്രിസ്തുവിന്റെ വെല്ലുവിളിയെ ആ യുവാവ് എങ്ങനെയാണ് പ്രതികരിച്ചത്? അയാൾ "ഇതു കേട്ടിട്ട്, വളരെ ദുഃഖിതനായിതീർന്നു" എന്നാണ് ലൂക്കൊസ് എഴുതിയത് (ലൂക്കൊസ് 18:23). എഎസ്‌വി പറയുന്നതനുസരിച്ച്, "അതു കേട്ടിട്ട്, അതീവ ദുഃഖത്താൽ, പൊയ്ക്കളഞ്ഞു; കാരണം അവനു വളരെ സമ്പത്തുണ്ടായിരുന്നു" (മർക്കൊസ് 10:22). അവനു നിത്യജീവൻ വേണമായിരുന്നു, പക്ഷെ അത്രയും വില കൊടുക്കുവാൻ അവൻ തയ്യാറായില്ല.

**ധനികരായ എല്ലാവർക്കും ഉള്ള വെല്ലുവിളി (മത്താ. 19:23-26; മർക്കൊ. 10:23-27; ലൂക്കൊ. 18:24-27)**

ആ മനുഷ്യൻ പൊയ്ക്കളഞ്ഞതു യേശു കണ്ടപ്പോൾ (ലൂക്കൊസ് 18:24), അവന്റെ ഉള്ളിൽ വിഷമം തോന്നിക്കാണും. അവൻ തന്റെ ശിഷ്യന്മാരോട് പറഞ്ഞു, "സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് എത്ര പ്രയാസം!" (മർക്കൊസ് 10:23). ആ പോയിന്റിനോട് ചേർത്തുകൊണ്ട്, അവൻ പറഞ്ഞു, "ധനവാൻ സ്വർഗരാജ്യത്തിൽ കടക്കുന്നതിനേക്കാൾ ഒട്ടകം സൂചിക്കുഴയിലൂടെ കടക്കുന്നതു എളുപ്പം" (മർക്കൊസ് 10:25). മതപരമായ എഴുത്തുകാർ "സൂചിക്കുഴയെ പറ്റി" പ്രചരിപ്പിച്ചിട്ടുള്ള കെട്ടുകഥകളെ മറന്നേക്കുക.[36] ക്രിസ്തു "ആളുകൾക്ക് അസാധ്യമായതിനെ" കുറിച്ചാണ് പറഞ്ഞത് (ലൂക്കൊസ് 18:27), ഒരു മൃഗത്തിന്റെ പുറത്തേക്ക് തള്ളി നിൽക്കുന്ന മുതുകു പോലുള്ള ഭാരങ്ങൾ ചെറിയ വഴിയാകുന്ന സൂചിക്കുഴയിൽ കൂടെ കടക്കുന്നതിന്റെ വൈഷമ്യത്തെയാണ് ഇവിടെ പറയുന്നത്.

യേശുവിന്റെ ശിഷ്യന്മാർ ഇതിൽ ഏറ്റവും വിസ്മയിച്ചു, പറഞ്ഞു, "എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്ക് കഴിയും?" (മത്തായി 19:25). ദൈവം അംഗീകരിക്കുന്നതിന്റെ അടയാളമായിട്ടാണ് ധനത്തെ യെഹൂദന്മാർ കണ്ടിരുന്നത്. അവരുടെ അഭിപ്രായത്തിൽ ധനവാനായ ഒരാൾക്ക് ദൈവരാജ്യത്തിൽ കടപ്പാൻ കഴിയുകയില്ലെങ്കിൽ, ആർക്കും കടപ്പാൻ കഴിയുകയില്ല എന്നാണ്. ക്രിസ്തു മറുപടി പറഞ്ഞു, "അതു മനുഷ്യർക്ക് അസാധ്യമെങ്കിലും, ദൈവത്തിനു സകലവും സാധ്യം" (മത്തായി 19:26; ഇയ്യോബ് 42:2). ഒട്ടകത്തെ പിഴിഞ്ഞ് സൂചിക്കുഴയിലൂടെ കടത്തി വിടുവാൻ ദൈവത്തിനു കഴിയും. ധനവാൻ തന്നെത്താൻ താഴ്ത്തി – അവന്റെ വചനത്തോട് ശരിയായി പ്രതികരിച്ചാൽ അവന്റെ ഹൃദയത്തെ മാറ്റുവാനും ദൈവത്തിനു കഴിയും (1 തിമൊഥെയൊസ് 6:9, 10, 17–19).

## പ്രതിഫലത്തെ സംബന്ധിച്ചോ?
## (മത്താ. 19:27-20:16; മർക്കൊ. 10:28-31; ലൂക്കൊ. 18:28-30)

**മികച്ചതല്ലാത്ത പ്രതിഫലം (മത്താ. 19:27-29; മർക്കൊ. 10:28-30; ലൂക്കൊ. 18:28-30)**

ആ യുവ പ്രമാണിക്ക് തന്റെ സമ്പത്തു വിറ്റു തന്നെ അനുഗമിക്കുവാൻ

യേശു ഒരു വെല്ലുവിളിയായിരുന്നു നല്കിയത്, പക്ഷെ അവൻ ആ ക്ഷണത്തെ നിരസിക്കുകയാണുണ്ടായത്. എന്നാൽ അത്തരം വെല്ലുവിളി യോട് അവന്റെ ശിഷ്യന്മാർ ക്രിയാത്മകമായിട്ടായിരുന്നു പ്രതികരിച്ചത് (മത്തായി 4:18–22; ലൂക്കൊസ് 5:11, 27, 28 നോക്കുക). അതുകൊണ്ട് പത്രൊസ് കർത്താവിനോട് പറഞ്ഞു, "കർത്താവേ, ഞങ്ങൾ സകലതും വിട്ടു നിന്നെ അനുഗമിച്ചു, ഞങ്ങൾക്ക് എന്തു കിട്ടും?" (മത്തായി 19:27).

ആത്മിയ "ദൈവത്തെ അനുസരിക്കുന്നതിനു പ്രതിഫലം നല്കുന്നത് നിലവാരം കുറഞ്ഞതായി" ചിലർ അപലപിച്ചിട്ടുണ്ട്. കർത്താവിനെ പിൻപ റ്റുന്നതു പ്രതിഫലം പ്രതീക്ഷിച്ചുകൊണ്ടാകരുത് (1 കൊരിന്ത്യർ 13:1–3), എന്നാൽ പ്രതിഫലത്തെ കുറിച്ച് ബൈബിൾ ധാരാളം പറയുന്നുണ്ട് (മത്തായി 5:12; 6:4, 5; 10:41, 42; 1കൊരിന്ത്യർ 3:8; 2 യോഹന്നാൻ 8). അപ്പോസ്തല ന്മാർക്കുള്ള പ്രത്യേക പ്രതിഫലങ്ങളെക്കുറിച്ച് ക്രിസ്തു ആദ്യം പറഞ്ഞു: "എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ട് സിംഹാസനത്തിൽ ഇരുന്ന് യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധി ക്കും, എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു" (മത്തായി 19:28).

മശിഹയുടെ വാഴ്ചക്ക് യഹുദന്മാർ ഉപയോഗിച്ച വാക്കായിരുന്നു "പുനർജനനം." എൻഐവി തർജ്ജിമ ചെയ്യുന്നത് "സകലവും നവീകരി ക്കൽ'' എന്നാണർത്ഥം.[37] ഇത് ക്രിസ്തു ഭൂമിയിൽ വന്നു ഭാവിയിൽ ആയിരം-ആണ്ട് വാഴുമെന്ന് സങ്കൽപ്പിച്ച് പറയുന്നതിനെക്കുറിച്ചല്ല സൂചിപ്പി ക്കുന്നത്. മറിച്ച്, ആ പദപ്രയോഗം സൂചിപ്പിക്കുന്നത് മശിഹാരാജ്യം, സഭ, ക്രിസ്തുവിന്റ മരണം, അടക്കം, ഉയർത്തെഴുന്നേൽപ്പ് എന്നിവക്ക് ശേഷമുള്ള ആദ്യത്തെ പെന്തെക്കൊസ്തുനാളിൽ സ്ഥാപിക്കുന്നതിനെക്കുറിച്ചാണ് പറ യുന്നത് (പ്രവൃത്തികൾ 2)[38] "മനുഷ്യപുത്രൻ സിംഹാസനത്തിൽ ഇരിക്കു മ്പോൾ" ആണ് പുനർജനനം/നവീകരണം" സംഭവിക്കുന്നത്. യേശു സ്വർഗ സ്ഥനായ പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോയപ്പോൾ രാജാവായിതീർന്നു (പ്രവൃത്തികൾ 2:33–35). അവൻ ഇപ്പോൾ തന്റെ രാജ്യത്ത് വാണുകൊണ്ടി രിക്കുന്നു (1 കൊരിന്ത്യർ 15:24–28; കൊലൊസ്യർ 1:13), അത് സഭയാണ് (മ ത്തായി 16:18, 19).

ക്രിസ്തു തന്റെ അപ്പോസ്തലൻമാർക്ക് വാഗ്ദാനം ചെയ്തത് "പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്ന് അവർ യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങ ളെയും വിധിക്കുന്നു".[39] അവർ ജീവിച്ചിരുന്നപ്പോൾ അവരുടെ ഉപദേശ ത്താൽ അവർ യിസ്രായേലിനെ "വിധിച്ചു:"[40] ഒരു ദിവസം, അവർ യിസ്രാ യേലിനെ "വിധിക്കും" (മറ്റുള്ളവരേയും) അത് ദൈവശ്വാസീയമായി രേഖ പ്പെടുത്തിയ യേശുവിന്റെ ഉപദേശത്താലായിരിക്കും (യോഹന്നാൻ 12:48)

പിന്നെ യേശു തന്നെ അനുഗമിക്കുന്നവർക്കുള്ള പൊതുവായ പ്രതിഫ ലങ്ങളെക്കുറിച്ചു പറഞ്ഞു: "എന്റെ നാമം നിമിത്തം വീടുകളേയോ സഹോ ദരന്മാരേയോ സഹോദരികളേയോ അപ്പനേയോ അമ്മയേയോ മക്കളേയോ നിലങ്ങളേയോ വിട്ടുകളഞ്ഞവന് എല്ലാം നൂറുമടങ്ങ് ലഭിക്കും, അവൻ നിത്യ ജീവനേയും അവകാശമാക്കും" (മത്തായി 19:29). ഈ പ്രോത്സാഹന വാഗ്ദാ നത്തെക്കുറിച്ച് അല്പം ശ്രദ്ധിക്കുന്നത് നന്നായിരിക്കും.

(1) ക്രിസ്തു ത്യാഗങ്ങളെക്കുറിച്ച് സംസാരിച്ചത് അവന്റെ നാമം നിമിത്തം സമൃദ്ധി ലഭിക്കേണ്ടതിനാണ് മത്തായിയിൽ എന്റെ നാമം നിമിത്തം എന്നാണ്

(മത്തായി 19:29). മർക്കൊസിൽ “എന്റെ നിമിത്തവും സുവിശേഷം നിമിത്തവും എന്നാണ്” (മർക്കൊസ് 10:29). ലൂക്കൊസിൽ “ദൈവരാജ്യം നിമിത്തം” എന്നാണ് (ലൂക്കൊസ് 18:29).

(2) ത്യാഗങ്ങൾ അനുഷ്ഠിക്കുന്നവർക്ക് ഈ ജീവിതത്തിൽ പ്രതിഫലം ഉണ്ട്. മർക്കൊസിന്റെ വിവരണം അനുസരിച്ച്, അത്തരക്കാർക്ക് “ഈ ലോകത്തിൽ തന്നെ നൂറുമടങ്ങ് ലഭിക്കും എന്നാണ്” (മർക്കൊസ് 10:30). “നൂറുമടങ്ങ്” എന്നത്, ഒരു അമ്മ അവളുടെ കുട്ടിയോട് അവ്യക്തമായി “ഞാൻ നിന്നോട് ഒരു നൂറുപ്രാവശ്യമെങ്കിലും അത് ചെയ്യരുത് എന്ന് പറഞ്ഞിട്ടുണ്ട്!” എങ്കിലും സുവിശേഷം അനുസരിച്ചതിന്റെ പേരിൽ ഭൗതികവീട്ടിൽനിന്ന് പുറത്തു പോകേണ്ടിവന്നവർക്ക് ആ പ്രസ്താവന സത്യമെന്നു തെളിയും ദൈവ ഭവനത്തിൽ (സഭ; 1 തിമൊഥെയൊസ് 3:15), അവർക്ക് നൂറുകണക്കിന് സഹോരൻമാരും സഹോദരിമാരും ഉണ്ട്, അവരെക്കുറിച്ച് കരുതുന്ന “അമ്മമാരും” ഉണ്ട്.[41]

(3) എങ്ങനെയായാലും, തെറ്റായ നാട്യത്തോടെ ആരും തന്നെ അനുഗമിക്കുവാൻ യേശു ആഗ്രഹിച്ചില്ല. അതുകൊണ്ട് ആ വാഗ്ദാനത്തിൽ ഈ സുബോധമാക്കുന്ന വാക്കുകളും ഉൾപ്പെടുത്തിയിരിക്കുന്നു: “ഉപദ്രവങ്ങളോട് കൂടെ” (മർക്കൊസ് 10:30; മത്തായി 5:10–12; പ്രവൃത്തികൾ 14:22; 2 തിമൊഥെയൊസ് 3:12). ഈ ജീവിതത്തിൽ എപ്പോഴും കൈപ്പും മധുരവും ഉണ്ട്.

(4) ഏറ്റവും വലിയ പ്രതിഫലം സ്വർഗത്തിലായിരിക്കും: “... വരുവാനുള്ള ലോകത്തിൽ നിത്യജീവനും” (ലൂക്കൊസ് 18:30). ക്രിസ്ത്യാനിയായി തീരുമ്പോൾ ലഭിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് എന്റെ ഒരു സ്നേഹിതൻ പ്രസംഗം തയ്യാറാക്കിയിട്ടുണ്ട്. അദ്ദേഹം തന്റെ അവതരണത്തെ “ഇതെല്ലാം കൂടാതെ സ്വർഗവും!” എന്നു വിളിച്ചിരിക്കുന്നു.

**നേടുവാനാകാത്ത പ്രതിഫലങ്ങൾ (മത്താ. 19:30-20:16; മർക്കൊ. 10:31)**

ക്രിസ്തു പ്രതിഫലങ്ങളെക്കുറിച്ച് പഠിപ്പിക്കുന്നത് അവസാനിപ്പിച്ചില്ല. അവന്റെ ശിഷ്യന്മാർക്ക് (നമ്മെപ്പോലെ) ഒരു തത്വംകൂടെ മനസിലാക്കേണ്ടിയിരുന്നു. അപ്പോസ്തലന്മാരുടെ ത്യാഗവും കർത്താവിനോടുള്ള പ്രത്യേക ബന്ധവും നിമിത്തം പ്രതിഫലത്തിന്റെ കാര്യം വരുമ്പോൾ സ്വാഭാവികമായും തങ്ങളായിരിക്കും “ഒന്നാമത്” എന്നവർ കരുതിയിരിക്കാം. താൻ മുമ്പ് പറഞ്ഞതായ ഒരു തത്വത്തെ യേശു അവരെ ഓർപ്പിച്ചു (ലൂക്കൊസ് 13:30 നോക്കുക): “എങ്കിലും മുമ്പന്മാർ പലർ പിമ്പന്മാരും, പിമ്പന്മാർ മുമ്പന്മാരും ആകും” (മത്തായി 19:30). അവൻ പിന്നെ നൈയിൽ ലൈറ്റ്ഫുട് പറഞ്ഞതായ “എല്ലാ ഉപമകളിലും വെച്ച് ഏറ്റവും വിഷമകരമായത്”[42] ചിന്തയെ സ്ഥിരീകരിച്ചതായി കാണുന്നു (മത്തായി 20:16 നോക്കുക).

മത്തായി 20:1–16 ൽ, “തന്റെ തോട്ടത്തിൽ വേലക്കാരെ വിളിച്ചാക്കേണ്ടതിന് പുലർച്ചക്ക് [ഒരുപക്ഷെ രാവിലെ 6.00 മണി] പുറപ്പെട്ട വീട്ടുടയവന്റെ സംഭവത്തെക്കുറിച്ച് യേശു പറഞ്ഞു” (മത്തായി 20:1). മുന്തിരിയുടെ വിളവെടുപ്പ് സാധാരണ ആഗസ്റ്റ് അവസാനമോ അല്ലെങ്കിൽ സെപ്റ്റമ്പർ ആദ്യമോ ആയിരിക്കും. ഒരിക്കൽ മുന്തിരിവിളഞ്ഞാൽ, അത് ഉടനെ പറിച്ചെടുക്കേണ്ടതായിട്ടുണ്ട്. വീട്ടുടയവൻ ഒരുപക്ഷെ ചന്ത സ്ഥലത്തേക്കായിരിക്കാം പോയത് (വാ. 3) അവിടെയാണ് ആളുകൾ ജോലി അന്വേഷിച്ച് എത്തുന്നത്.[43] അവൻ

അവിടെ കണ്ടവരെ “ഒരു ദിവസം ഒരു ദിനാർ” ശമ്പളം നിശ്ചയിച്ചു വിളിച്ചു (വാ. 2).[44]

അവന് വീണ്ടും ജോലിക്കാർ ആവശ്യമായിവന്നു, അതുകൊണ്ട് അവൻ “മൂന്നാം മണി നേരവും” (ഏതാണ്ട് രാവിലെ 9.00) വേലക്കാരെ അന്വേഷിച്ചിറങ്ങി (വാ. 3), പിന്നെ “ആറാം മണി നേരവും ഒൻപതാം മണി നേരവും” (ഉച്ചക്കും ഉച്ചകഴിഞ്ഞ് മൂന്നിനും) (വാ. 5). ഓരോ പ്രാവശ്യവും കൂടുതൽ വേലക്കാരെ വിളിച്ചു, “ഞാൻ നിങ്ങൾക്ക് ന്യായമായത് തരാം എന്ന് പറഞ്ഞു” (വാ. 4). അവൻ അവസാനം, “പതിനൊന്നാം മണി നേരത്തും” (വൈകുന്നേരം ഏതാണ്ട് 5:00) “വെറുതേ നിൽക്കുന്നവരെ” വേലക്കു വിളിച്ചു (വാ. 6). “എന്തുകൊണ്ട് ഇങ്ങനെ നിൽക്കുന്നു?” എന്ന് അവരോട് ചോദിച്ചതിന്, “ഞങ്ങളെ ആരും വിളിക്കായ്ക കൊണ്ടത്രേ”[45] അവൻ അവരോടും തോട്ടത്തിലേക്ക് പോകുവാൻ ആവശ്യപ്പെട്ടു (വാ. 7).

“വൈകുന്നേരം ആയപ്പോൾ” (6:00) ഉടയവൻ തന്റെ വിചാരകനോട് വേലക്കാർക്ക് കൂലികൊടുക്കുക എന്ന് പറഞ്ഞു (ലേവ്യാപുസ്തകം 19:13; ആവർത്തനപുസ്തകം 24:15).

അതിശയിപ്പിക്കുമാറ് ദിവസം മുഴുവൻ വേലചെയ്തവർക്കും, ഒരുമണി നേരം മാത്രം വേലചെയ്തവർക്കും ഒരേ കൂലിയാണ് കൊടുത്തത് (മത്തായി 20:9, 10). അവർ ഇതിനോട് പിറുപിറുത്തപ്പോൾ (വാ. 11, 12), വീട്ടുടയവൻ പറഞ്ഞൊത്തത് കൃത്യമായി നൽകി എന്നായിരുന്നു മറുപടി – മറ്റുള്ളവർക്ക് തന്റെ ഇഷ്ടം പോലെ കൊടുക്കുവാൻ അവന് അവകാശം ഉണ്ടായിരുന്നു എന്നും പറഞ്ഞു (വാ. 13–15[46]).

ആ വേദഭാഗം ക്രിസ്ത്യാനികളായിതീരുവാൻ “പതിനൊന്നാം മണി” വരെ ആളുകൾ കാത്തിരിക്കണം എന്ന് ആ ഉപമ പറഞ്ഞി*ട്ടില്ല*. പതിനൊന്നാം മണിനേരത്ത് വിളിച്ചവർ ഉടനെ ജോലി ആരംഭിച്ചു. ഇത് വർഷാവർഷം സുവിശേഷം കേട്ടിട്ടു തള്ളിക്കളഞ്ഞ്, പ്രായമാകുമ്പോൾ ദൈവരാജ്യത്തിലേക്ക് പ്രവേശിക്കാം എന്ന് വിചാരിക്കുന്നവരെക്കുറിച്ചല്ല ഇവിടെ പറയുന്നത്. നീട്ടിവെക്കുന്നത് എപ്പോഴും അപകടമാണ്. ആദ്യമായി പതിനൊന്നാം മണിവരെ കാത്തിരിക്കുന്നവർ അത്രയുംകാലം ജീവിക്കണമെന്നില്ല. പതിനൊന്നാം മണി നേരത്ത് ക്രിസ്ത്യാനികളായിതീരാമെന്ന് വിചാരിക്കുന്ന ചിലർ പത്തര–മണിക്ക് മരിച്ചു പോയതായി പറയപ്പെട്ടിട്ടുണ്ട്. രണ്ടാമതായി, അവർ അത്രയും കാലം ജീവിച്ചാൽതന്നെ, അവരുടെ ഹൃദയം സുവിശേഷത്തോട് പ്രതികരിക്കാതെ കഠിനമായിപ്പോകും (എബ്രായർ 3:13; 6:6). സുവിശേഷത്താൽ ഒരാളെ വിളിക്കുമ്പോൾ തന്നെ (2 തെസലൊനിക്യർ 2:14), ഉടനെ അയാൾ പ്രതികരിക്കേണ്ടതാണ്.

നേരേമറിച്ച്, ആ ഉപമ അപ്പോസ്തലൻമാരേയും മറ്റു ഒന്നാം–മണി നേരത്തെ വേലക്കാരോടും പറയുന്നത് “അധികജോലിക്ക്, അധിക ശമ്പളം എന്ന രീതിയിൽ പ്രതിഫലം നേടാവുന്നതല്ല.” എന്നാൽ അത് പരമോന്നതമായ ദൈവത്തിന്റെ കരുണാധിക്യപ്രകാരമാണ് നൽകുന്നത്.

ദൈവരാജ്യത്തിൽ മനുഷ്യർ “മുമ്പന്മാർ” ആയി കാണുന്നവരെ വാസ്തവത്തിൽ ദൈവദൃഷ്ടിയിൽ “പിമ്പന്മാർ” ആയിട്ടാണ് കാണുന്നത്, പ്രത്യേകിച്ച് അവർക്ക് അധികം വേണമെന്ന് ചിന്തിക്കുന്നവർ – ഒന്നാം – മണിനേരത്തെ ആ വേലക്കാരെപ്പോലെയാണ്. അതിന് വിപരീതമായി, ദൈവരാജ്യത്തിൽ പ്രാധാന്യമില്ലാത്തവരെന്ന് ചിന്തിക്കുന്നവരെ (“പിമ്പന്മാർ”) ദൈവം

"മുമ്പന്മാർ" ആയി കാണുന്നു (മത്തായി 20:16).

**ഉപസംഹാരം**

യേശു ചോദ്യങ്ങൾക്ക് ഉത്തരം നൽകി – ചോദിച്ചതിന് അല്ലെങ്കിൽ അന്തർലീനമായതിന് – വിവാഹമോചനം, ശിശുക്കൾ, സമ്പത്ത്, പ്രതിഫല ങ്ങൾ.[47] നിങ്ങൾക്കുള്ളിലുള്ള ചോദ്യങ്ങൾ എന്തായാലും, ഒരുപക്ഷേ അവ യൊന്നും ഇത്ര വിഷമം പിടിച്ചതായിരിക്കയില്ല. അവക്കുള്ള ഉത്തരം ദൈവ വചനത്തിൽ എവിടെയെങ്കിലും കാണാം. നിങ്ങൾക്ക് ഒരു ചോദ്യം ഉണ്ടെ ങ്കിൽ, നിങ്ങൾ അത് നിങ്ങളേക്കാൾ കൂടുതൽ അറിവുള്ളവരോട് ചോദിക്കു കയാണ് വേണ്ടത് (പ്രവൃത്തികൾ 8:31 നോക്കുക).[48] നിങ്ങളുടെ ചോദ്യം എഴുതിവെക്കുകയും തുടർച്ചയായി തിരുവെഴുത്ത് വായിച്ച് പഠിക്കുകയും ചെയ്യുക. ഒരു ദിവസം നിങ്ങളെ വിസ്മയിപ്പിച്ച്കൊണ്ട് അതിനുള്ള ഉത്തരം ബൈബിളിൽനിന്ന് കണ്ടെത്തും.[49] നമ്മുടെ പാഠത്തിൽ നിന്നുള്ള ഈ ചിന്ത നിങ്ങൾ ഒരിക്കലും മറക്കുകയില്ല എന്നാണ് ഞാൻ കരുതുന്നത്: ചോദ്യങ്ങൾ ഉള്ളത് നല്ലതാണ്.

**പ്രസംഗ കുറിപ്പുകൾ**

ഈ പാഠത്തിനുള്ള മറ്റ് സാധ്യതകളിൽ "ചോദ്യങ്ങളും ഉത്തരങ്ങളും" "ചോദ്യങ്ങൾ, ചോദ്യങ്ങൾ, ചോദ്യങ്ങൾ" എന്നിവയും ഉൾപ്പെടുന്നു.

കർത്താവ് വിവാഹത്തേയും വിവാഹ മോചനത്തേയും പഠിപ്പിച്ചതിനെ ക്കുറിച്ച് ഗൗരവമായ ഉപദേശം ആവശ്യമുണ്ട്. വ്യത്യസ്തമായ സമീപന ത്തിന് "അതുകൊണ്ട് നിങ്ങൾ വിവാഹം കഴിക്കുവാൻ തീരുമാനിച്ചോ?" എന്ന പ്രസംഗ കുറിപ്പുകൾ നോക്കുക. അതേ പദ്ധതി ഉപയോഗിച്ച് കൊണ്ട്, "വിവാഹമോചന കോടതികൾ എങ്ങനെ ഒഴിവാക്കാം?" എന്നതാണ് മറ്റൊരു സമീപനം.

യേശുവും ശിശുക്കളും തമ്മിലുള്ള വിവരണം ചുരുക്കമാണെങ്കിലും, സുവിശേഷവിവരണങ്ങളിൽ ഇഷ്ടപ്പെടാവുന്ന രീതിയിൽ അതിനെ വ്യക്ത മാക്കിയിട്ടുണ്ട്. നിങ്ങൾക്ക് വേണമെങ്കിൽ കുട്ടികളെ വീട്ടിലും സഭയിലും പരിശീലിപ്പിക്കേണ്ടതിന്റെ പ്രാധാന്യത്തെ ഊന്നിക്കൊണ്ട് "യേശുവും കുട്ടി കളും" എന്ന വിഷയത്തെ പ്രസംഗിക്കാം. നിങ്ങൾ മുൻപു പ്രസംഗിച്ചിട്ടി ല്ലെങ്കിൽ, ആ സംഭവം എടുത്ത് ശിശുക്കളെപോലെ ആകുക എന്ന വിഷ യത്തെ പ്രസംഗിക്കാം.

"അതുകൊണ്ട് നിങ്ങൾ വിവാഹം കഴിക്കുവാൻ തീരുമാനിച്ചോ?" എന്നതിന്റെ കുറിപ്പുകൾ ഈ പുസ്തകത്തിൽ വരുന്നതു നോക്കുക. "ഒരു കുറവ് നിനക്കുണ്ട്" എന്ന വേറൊരു തലവാചകം ഈ പാഠത്തിനു കൊടു ക്കാം. വിശ്വസ്തരായി പിൻപറ്റുന്നവർക്ക് യേശു നല്കുമെന്നു പറഞ്ഞ അനു ഗ്രഹങ്ങൾ (മത്തായി 19:29) ഉൾപ്പെടുത്തി "ഇവയും, സ്വർഗവും" എന്ന തല വാചകത്തിൽ പ്രസംഗിക്കാം. "യേശു പറഞ്ഞിട്ടുള്ളതിൽ വെച്ച് ഏറ്റവും വിഷമകരമായ ഉപമ" എന്ന രീതിയിലും നിങ്ങൾക്ക് പ്രസംഗിക്കാം: മുന്തിരി ത്തോട്ടത്തിലെ വേലക്കാരുടെ ഉപമ.

കുറിപ്പുകൾ

[1]"പാലസ്തീനിന്റെ എല്ലാ ഭാഗങ്ങളിലും നടന്ന യേശുവിന്റെ അവസാന ശുശ്രൂഷ കൾ" ഭൂരിഭാഗവും മത്തായിയും മർക്കൊസും ഒഴിവാക്കിയിരിക്കുന്നു. അവരുടെ വിവ രണം ഗലീലയിൽ തുടങ്ങി പെരെയ വരെ ആയിരുന്നു("യോർദ്ദാൻ നദിക്കപ്പുറമുള്ള ... പ്രദേശം") (മത്തായി 19:1; മർക്കൊസ് 10:1). അവന്റെ അവിടത്തെ ശുശ്രൂഷയുടെ ചുരു ക്കവിവരണങ്ങളാണ് അവർ നൽകുന്നത് (മത്തായി 19:2; മർക്കൊസ് 10:1; "ക്രിസ്തുവിന്റെ ജീവിതം, 8" നോക്കുക). പിന്നെ അവർ എടുത്തത് ക്രിസ്തു യെരുശലേമിലേക്ക് അവ സാന യാത്ര തിരിച്ചതാണ്. [2]"മനോഭാവ മാറ്റം ആവശ്യമാണ്" എന്നതു പുനരവലോ കനം നടത്തുക. [3]ഉപേക്ഷണപത്രത്തിന്റെ മാതൃക ഡബ്ലിയു. ഡബ്ലിയു. ഡേവീസ്, "ഡൈവേഴ്സ്," *ഇന്റർനാഷ്ണൽ ബൈബിൾ സ്റ്റാൻഡേർഡ് എൻസൈക്ലോപീഡിയ,* ജെന. എഡി. ജെയിംസ് ഓർ (ഗ്രാന്റ് റാപ്പിഡ്സ്, മൈക്.:ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1939), 2:864. [4]സാധ്യതയുള്ള മറ്റൊരു അപകടത്തെ കുറിച്ച് ചിന്തി ക്കുക:യേശു പെരെയയിലായിരുന്നു, അതു ഹെരോദാവിന്റെ ആധിപത്യഭാഗമായിരുന്നു. വിവാഹമോചനത്തെ കുറിച്ചു യോഹന്നാൻ സ്നാപകന്റെ ഉപദേശം ഹെരോദാവിന്റെ ഭാര്യയെ പ്രകോപിപ്പിച്ചു – അങ്ങനെ അവനു തന്റെ ശിരസ് നഷ്ടപ്പെടുകയും ചെയ്തു. [5]മർക്കൊസിന്റെ ഏർപ്പാട് മത്തായിയിൽനിന്നു വ്യത്യസ്തമായിരുന്നു. ഇതു പ്രത്യേക തരം സാക്ഷ്യമാണ്, ആവശ്യമുള്ളവയിൽ യോജിക്കുകയും വിശദാംശങ്ങളിൽ അല്പം വ്യത്യാസം വരുത്തുകയുമായിരുന്നു. രണ്ടു വിവരണങ്ങളും പരസ്പരവിരുദ്ധമാകുന്ന തിനുപകരം അന്യോന്യം അനുമോദിക്കുന്നതാണ്. ഈ പാഠത്തിലെ പ്രാഥമിക ഉറവിടം മത്തായിയുടെ വിവരണമാണ്. [6]ഉല്പത്തി 1:27. [7]ഉല്പത്തി 2:24. [8]മത്തായി 19:4–6 ന്റെ ചുരുങ്ങിയ ചർച്ചക്ക്, ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "അതുകൊണ്ട് നിങ്ങൾ വിവാഹം കഴിക്കുവാൻ തീരുമാനിച്ചോ?" എന്ന പാഠം നോക്കുക. [9]ഈ അവതരണത്തിൽ ആവർത്തനപുസ്തകം 24:1–4 വിശദീകരിക്കുവാൻ സമയം അനുവദിക്കുന്നില്ല. ആ വേദ ഭാഗം വിവാഹമോചനത്തെ പ്രോൽസാഹിപ്പിക്കുന്നില്ല എന്നോർക്കുക, പക്ഷെ അതിനെ നിയന്ത്രിക്കുകയാണ്. കൂടാതെ ആ വേദഭാഗം പഴയനിയമത്തിലാണ്, യേശു ക്രൂശിൽ മരിച്ചപ്പോൾ അതു നീങ്ങപ്പെട്ടു എന്നും ഓർക്കുക. [10]ദൈവം വിവാഹമോചനം അനുവ ദിക്കത്തക്കവണ്ണം യിസ്രായേൽ കഠിനപ്പെടുവാനുള്ള കാരണത്തെ കുറിച്ച് വ്യാഖ്യാതാ ക്കൾ ധാരാളം വിദ്യാഭ്യസ ഊഹങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ ഒന്ന് ശിഷ്യന്മാർ അവന്റെ ഉപദേശത്തോട് പ്രതികരിച്ചതുമായി ബന്ധപ്പെട്ടതാണ്: "വിവാഹം കഴിക്കാതിരിക്കുന്നതാണ് നല്ലത്" (മത്തായി 19:10). ഒരുപക്ഷെ, ആത്മിയമായി പക്വതയില്ലാത്ത യിസ്രായേൽ വിവാഹം ആയുഷ്ക്കാലത്തേക്കു സമർപ്പിക്കാതെ പരസംഗത്തിലേക്ക് തിരിയുന്നത് ഇഷ്ട പ്പെടുമെന്ന് ദൈവത്തിന് അറയാമായിരുന്നതുകൊണ്ടാകാം.

[11]മത്തായി 19:8 സൂചിപ്പിക്കുന്നത് യെഹൂദന്മാരെയാണ്, എന്നാൽ പ്രവൃത്തികൾ 17:30 പറയുന്നത് ജാതികളെയാണ്, പക്ഷെ തത്വം ഒന്നു തന്നെയാണ്. [12]മത്തായി 19:3–9 നെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക്, ഈ പുസ്തകത്തിൽ പിന്നീട് വരുന്ന "അതുകൊണ്ടു നിങ്ങൾ വിവാഹം കഴിക്കുവാൻ തീരുമാനിച്ചോ?" എന്ന പാഠം നോക്കുക. [13]അവർ "വീട്ടിൽ ആയിരുന്നു" എന്നാണ് മർക്കൊസ് 10:10 പറയുന്നത്. അവർ യാത്രയിലാകു മ്പോൾ, അവരെ രാത്രി ചെലവഴിക്കുവാൻ ചിലപ്പോൾ വീടുകളിലേക്ക് ക്ഷണിക്കുമായി രുന്നു. [14]സീ വില്യം ബാർക്ലേ, *ദ ഗോസ്പെൽ ഓഫ് മാത്യു*, വാല്യം. 2, റെവ.എഡി. ദ ഡെയിലി സ്റ്റഡി ബൈബിൾ സീരീസ് (ഫിലദെൽഫിയ.:വെസ്റ്റ് മിനിസ്റ്റർ പ്രസ്, 1975), 197. [15]ജാതികളെ മനസിൽ കണ്ടുകൊണ്ട് (റോമർ) എഴുതിയതുകൊണ്ടാകാം മർക്കൊസ് സ്ത്രീകൾ തങ്ങളുടെ ഭർത്താക്കന്മാരെ ഉപേക്ഷിക്കുന്നതിനെ കുറിച്ച് എഴുതിയത്.നോ

ക്കുക "ദ ബുക്ക് ഓഫ് മാർക്ക്:ക്രൈസ്റ്റ്, ദ സെർവെന്റ്," ഇൻ ബുക്ക് *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്, 1.* [16]കുറിപ്പുകൾ 10 പുനരവലോകനം ചെയ്യുക. [17]അക്കാലത്ത്, അന്യദേവന്മാരെ നമസ്ക്കരിച്ചിരുന്നവരിൽ ഇതു സാധാരണയായിരുന്നു എന്ന് ഖേദപൂർവ്വം പറയട്ടെ. [18]ഇതിനർത്ഥം ബ്രഹ്മചര്യാവസ്ഥ വിവാഹാവസ്ഥയേക്കാൾ വിശുദ്ധമാണ് എന്നല്ല. എബ്രായർ 13:4 പറയുന്നത് "വിവാഹം എല്ലാവർക്കും മാന്യമാണ് എന്നാണ്." "വിവാഹം വിലക്കുന്നത്" വിശ്വാസത്യാഗമാണെന്ന് പൗലൊസ് പറഞ്ഞിരിക്കുന്നു (1 തിമൊഥെയൊസ് 4:3). [19]"ശിശുക്കളെ കുറിച്ചുള്ള ചുരുങ്ങിയ പ്രസംഗം പൊതുവിൽ മൂന്നു ചുരുക്കസുവിശേഷവിവരണങ്ങളും സമാന്തരമാണെന്ന് ക്രിസ്തുവിന്റെ ഭൂമിയിലെ ശുശ്രൂഷയുടെ അവസാനം വരെ അത് അങ്ങനെ നിലനിന്നിരുന്നതായും മനസിലാക്കാം" (റോബെർട്ട് ഡങ്കൻ കൾവർ, *ദ ലൈഫ് ഓഫ് ക്രൈസ്റ്റ്* [ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ബേക്കൽ ബുക്ക് ഹൗസ്, 1976], 196–97). [20]യേശു ഒരു ശിശുവായിരുന്നപ്പോൾ, ശിമ്യോൻ അവനെ കൈകളിൽ എടുത്ത് പ്രാർത്ഥിച്ചു (ലൂക്കൊ. 2:28–32).

[21]യേശു മുൻപ് ഒരു ശിശുവിനെ കൈകളിൽ എടുത്തിട്ടുണ്ട് (മർക്കൊസ് 9:36). [22]"കൈവെച്ച്" പ്രാർത്ഥിക്കുന്നത് അസാധാരണമായിരുന്നില്ല – മനുഷ്യസ്പർശനം പ്രാർത്ഥിക്കുന്ന വ്യക്തിയോട് കൂടുതൽ ബന്ധം സ്ഥാപിക്കുന്നു. ഞാൻ സാധാരണ പുരുഷന്റെ/സ്ത്രീയുടെ കൈ പിടിച്ച് ആണ് പ്രാർത്ഥിക്കുന്നത്. [23]എച്ച് ഐ. ഹെസ്റ്റർ, *ദ ഹാർട്ട് ഓഫ് ദ ന്യൂടെസ്റ്റമെന്റ്* (ലിബെർട്ടി. മോ.:ക്വാളിറ്റി പ്രസ്, 1963), 180. [24]കൾവർ, 196. [25]*ക്രിസ്തുവിന്റെ ജീവിതം, 4*–ൽ കാണുന്ന "ശിഷ്യത്വത്തിനുള്ള അടയാളങ്ങൾ" എന്ന പാഠം നോക്കുക. [26]ഇതിനർത്ഥം ആ യുവാവ് ഒരു "പള്ളി പ്രമാണി" ആയിരുന്നു എന്നാണോ (മർക്കൊസ് 5:36; കെജെവി), അല്ലെങ്കിൽ അവൻ ന്യായാധിപസഭയിലെ ഒരംഗമായിരുന്നോ? (ഒരു പ്രമാണിയായിരുന്ന നിക്കൊദെമൊസ് ന്യായാധിപസഭയിലെ ഒരംഗമായിരുന്നു [യോഹന്നാൻ 3:1; 7:45, 50]) നമുക്ക് അറിയില്ല. [27]മത്തായിയുടെ വിവരണത്തിൽ ആ യുവാവ് ചെയ്യേണ്ട "നല്ല കാര്യങ്ങളെ" കുറിച്ചായിരുന്നു ചോദിച്ചതായി പറഞ്ഞിരിക്കുന്നത് (മത്തായി 19:16). ചോദ്യകർത്താവ് "നല്ല" എന്ന വാക്ക് രണ്ട് പ്രാവശ്യം ഉപയോഗിച്ചിരിക്കാം:ആദ്യം കർത്താവിനെ നല്ലവനെന്നു പറഞ്ഞിട്ട് പിന്നെ അവൻ ചെയ്യേണ്ട നല്ലകാര്യങ്ങളെ കുറിച്ച് ചോദിച്ചിരിക്കാം. [28]നാം യേശുവിന്റെ മരണശേഷം ജീവിക്കുന്നവരാകകൊണ്ട് ആ ചോദ്യത്തിന് ഇന്ന് നാം വേറെ ഉത്തരമാണ് നൽകേണ്ടത്. എങ്കിലും, അടിസ്ഥാനതത്വം ഒന്നു തന്നെയാണ്:ഉത്തരം ദൈവവചനത്തിലുണ്ട്. [29]മർക്കൊസിന്റെ വിവരണത്തിൽ "ചതിക്കരുത്" എന്നുചേർത്തിരിക്കുന്നു (മർക്കൊസ് 10:19). മത്തായിയുടെ വിവരണത്തിൽ "നിന്റെ അയൽക്കാരനെ നിന്നെപോലെ സ്നേഹിക്ക" എന്ന ലേവ്യാപുസ്തകം 19:18 ചേർത്തിരിക്കുന്നു. ആ പ്രസ്താവനയിൽ പത്തുകല്പനകളുടെ അവസാന ആറെണ്ണം ചുരുക്കി പറഞ്ഞിരിക്കുന്നു. [30]മത്തായിയുടെ വിവരണത്തിൽ "സൽഗുണപൂർണ്ണൻ ആകുവാൻ ഇഛിക്കുന്നു എങ്കിൽ..." എന്നാണ് (മത്തായി 19:21). കെജെവിയിൽ "പൂർണ്ണൻ" എന്നാണ്. ഗ്രീക്ക് വാക്ക് "പൂർണ്ണത," "തികവ് " എന്നു തർജിമ ചെയ്തിരിക്കുനത് മനുഷ്യരെയാണെങ്കിൽ ആത്മിയ പൂർണ്ണത അല്ലെങ്കിൽ ആത്മിയ പക്വത ഉണ്ടാകുക എന്നതാണ് സൂചിപ്പിക്കുന്നത്.

[31]മത്തായി 6:19–21 നോക്കുക. [32]യേശുവിന്റെ ആവശ്യകതയിൽ മുഖ്യമായതാണ് "എന്നെ അനുഗമിക്ക" എന്നത് (മത്തായി 16:24). [33]സഭ സ്ഥാപിക്കപ്പെട്ടശേഷം കുറച്ച് സമയത്തേക്ക് ക്രിസ്ത്യാനികൾ തങ്ങളുടെ വസ്തുവകകൾ വിറ്റ് മറ്റുള്ളവരെ സഹായിച്ചിരുന്നു (പ്രവൃത്തികൾ 2:44, 45; 4:32–37); എന്നാൽ അത് ആവശ്യപ്പെടാതെ സ്വയമായി ചെയ്തതായിരുന്നു (പ്രവൃത്തികൾ 5:3, 4). [34]മറ്റൊരാളുടേത് മോഹിക്കുന്നതു പഴയനിയമത്തിൽ അനാരോഗ്യകരമായ ഒരു പ്രവണതയായിരുന്നു. എങ്ങനെയായാലും, അതിനെ വിപുലപ്പെടുത്തി വ്യക്തിപരമായ സമ്പാദ്യത്തിന്റെ അനാരോഗ്യത്തെ വെളിപ്പെടുത്തി

യിരിക്കുന്നു. (ലൂക്കൊസ് 12:13–15; വാക്യം 15–ൽ തർജിമ ചെയ്തിരിക്കുന്ന "ഗ്രീഡ്" എന്ന വാക്ക് "കവറ്റിയസ്നെസ്" എന്നും പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്). [35]തന്റെ ശുശ്രൂഷയുടെ അവസാനം വരെ യേശു മുഴുവൻ–സമയ ശുശ്രൂഷക്കായി ശിഷ്യന്മാരെ തിരഞ്ഞെടുത്തുകൊണ്ടിരുന്നു (ലൂക്കൊസ് 14:33 നോക്കുക). [36]"ലോർഡ് ജോർജ് നൂജെന്റ് (1845–6) യേശു പറഞ്ഞനഗരവാതിലുകളെ കുറിച്ച് ഒരു വിശദീകരണം നല്കിയിരിക്കുന്നു, വീതിയുള്ളത് ഭാരം – ചുമന്നുവരുന്ന മൃഗങ്ങ [ൾക്ക്], ചെറുത് കാൽ–നടയാത്രക്കാർക്കുള്ളതുമാണ്." (ജെ.ഡബ്ലിയു.മെക്ഗാർവേ ആന്റ് ഫിലിപ്.വൈ.പെൻലെറ്റൺ, *ദ ഫോർഫോൾഡ് ഗോസ്പെൽ ഓർ എ ഹാർമണി ഓഫ് ദ ഫോർ ഗോസ്പെൽസ്* [സിൻസിനാറ്റി.:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് കമ്പനി., 1914], 547). ആ "വിശദീകരണം" (അതിനു ഒരടിസ്ഥാനമില്ല), മതപരമായ കെട്ടുകഥകൾ എഴുതിയവരുടേതാണ്, പ്രത്യേകിച്ച് ബൈബിൾ ഉപദേശത്തെ മൃദുവാക്കുവാൻ തിരിഞ്ഞവരുടേതാണ്. [37]തീത്തൊസ് 3:5–ൽ പറഞ്ഞിരിക്കുന്നത്, ക്രിസ്ത്യാനികളായിത്തീരുമ്പോൾ, സകലവും പുതുതായി തീരുന്നതിനെ കുറിച്ച് പറഞ്ഞിരിക്കുന്നതാണ് (2 കൊരിന്ത്യർ 5:17). [38]അതുമായുള്ള ബന്ധത്തിൽ, ലൂക്കൊസിൽ "എന്റെ രാജ്യത്തിൽ" എന്നാണ്(ലൂക്കൊസ് 22:30), എന്നാൽ മത്തായിയിൽ "പുനർജ്ജനനത്തിൽ" എന്നാണ് (മത്തായി 19:28). [39]പുതിയനിയമം പഠിപ്പിക്കുന്നത്, ഒരർത്ഥത്തിൽ, *എല്ലാ* ക്രിസ്ത്യാനികളും ക്രിസ്തുവിനോടുകൂടെ ഇവിടെയും നിത്യതയിലും "വാഴും" എന്നാണ് (വെളിപ്പാട് 5:10; 2 തിമൊഥെയൊസ് 2:12). ക്രിസ്ത്യാനികൾ "ലോകത്തെ വിധിക്കും" എന്നും പുതിയനിയമം പഠിപ്പിക്കുന്നുണ്ട് (1 കൊരിന്ത്യർ 6:2) – ഒരുപക്ഷെ ദൈവഭക്തിയുള്ള ജീവിതം നയിച്ചും ദൈവവചനം പഠിപ്പിച്ചുമാകാം. [40]അതായത്, യിസ്രായേൽ (യെഹൂദന്മാർ) തങ്ങളെക്കുറിച്ചുള്ള ദൈവോദ്ദേശം നിറവേറ്റിയില്ല എന്നാണ് അപ്പൊസ്തലന്മാർ വ്യക്തമാക്കിയത് (ഉദാഹരണത്തിനു, റോമർ 9:6, 7 നോക്കുക). ചിലർ വിചാരിക്കുന്നത് അവിടെ പറഞ്ഞിരിക്കുന്ന "യിസ്രായേൽ" ആത്മിക യിസ്രായേൽ (സഭ) ആണെന്നും, അവിടെ പറയുന്നത് അപ്പൊസ്തലന്മാർക്ക് സഭയുടെ മേലുണ്ടായിരുന്ന അധികാരത്തെയുമാണ്. പക്ഷെ, നിഷേധ രൂപത്തിൽ പറഞ്ഞിരിക്കുന്ന "വിധിക്കുകയെന്നത്" സന്ദർഭത്തോട് യോജിക്കുന്നതാണെന്നു തോന്നുന്നു.

[41]വീടുകളും നിലങ്ങളും ഉപേക്ഷിക്കുന്നവർക്ക് "നൂറു മടങ്ങ്" ലഭിക്കുമെന്നും വേദഭാഗത്തിൽ പറയുന്നു. അതു അക്ഷരികമായി എടുക്കാവുന്നതല്ലെങ്കിലും, ക്രിസ്തുവിന്റെ ശരീരത്തിലെ അവയവങ്ങൾ എവിടെയുണ്ടോ അവിടെ ചെല്ലുമ്പോൾ അവരുടെ "വീടുകളും നിലങ്ങളും" നിങ്ങളെ സ്വാഗതം ചെയ്യും. [42]നെയിൽ ആർ.ലൈറ്റ്ഫുട്, *ദ പാരബിൾ ഓഫ് ജീസസ്, പാർട്ട് 2* (ആസ്റ്റിൻ, ടെക്സ്.:ആർ. ബി. സ്വീറ്റ് കമ്പനി., 1965), 52. ആ ഉപമ "വിഷമിപ്പിക്കുന്നതാണ്" കാരണം ജോലിക്കാരെ നിയമിക്കുന്ന ഒരു മനുഷ്യനും അങ്ങനെ കൂലി കൊടുക്കുവാൻ സാധ്യമല്ല – പക്ഷെ മനുഷ്യരുടെ പരിശീലനങ്ങൾ ദൈവത്തിനു ബാധകമല്ല (യെശയ്യാവ് 55:8, 9). [43]ഇതു അമേരിക്കയിൽ പൊതുവായി പരിശീലിച്ചിരുന്നു, ഇപ്പോഴും ചില ഭാഗത്തും മറ്റു ചില രാജ്യങ്ങളിലും പരിശീലനത്തിലുണ്ട്. [44]വെള്ളികൊണ്ടുള്ള ഒരു ചെറിയ റോമൻ നാണയമാണ് "ദിനാർ" ഈ വേദഭാഗത്തിൽനിന്നു നാം അതിനെ ഒരു കൂലിക്കാരന്റെ ഒരു ദിവസത്തെ കൂലിയായി കണക്കാക്കിയിരിക്കുന്നു. [45]ഓരോ പ്രാവശ്യവും വീട്ടുടയവൻ വെവ്വേറെ ചന്തസ്ഥലത്ത് നോക്കിയിരിക്കാം. [46]വാക്യം 15 പറയുന്നത് "എൻവിയസ് ഐ" എന്നാണ്. മൂലഗ്രന്ഥത്തിൽ "ഈവിൾ ഐ" എന്നാണ് (കെജെവി നോക്കുക), അതിൽ സ്വാർത്ഥത, അത്യാഗ്രഹം, അസൂയ എന്നിവ പ്രകടമാക്കുന്നു (സദൃശവാക്യം 28:22). [47]ആ വിഷയങ്ങളെ കുറിച്ച് യേശു ഉപദേശിക്കുന്നതു നിങ്ങൾക്ക് വേണമെങ്കിൽ ചുരുക്കി പറയാം. [48]ബൈബിൾ സംബന്ധമായ ചോദ്യങ്ങൾ എന്തെങ്കിലും ഉണ്ടോ എന്ന്, നിങ്ങളുടെ ക്ലാസിലെ വിദ്യാർത്ഥികളോട് വേണമെങ്കിൽ, ചോദിക്കാം. [49]ഈ ജീവിതത്തിൽ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം

ലഭിച്ചില്ലെന്നു വരാം. ചില കാര്യങ്ങൾ, വെളിപ്പെടുത്തുന്നത് ശരിയല്ലെന്ന് ദൈവത്തിനറിയാം (ആവർത്തനപുസ്തകം 29:29 നോക്കുക), എന്നാൽ, നമുക്ക് ഇപ്പോൾ *അറിയേണ്ടതെല്ലാം* ബൈബിളിൽ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു നാൾ നാം കർത്താവിന്റെ സന്നിധിയിൽ നിൽക്കുമ്പോൾ, എല്ലാം വ്യക്തമാകും.

## വിവാഹത്തെയും വിവാഹമോചനത്തെയും കുറിച്ചുള്ള ഉപദേശം

വിവാഹമോചനം കൂടുതൽ സാധൂകരിക്കപ്പെടുന്തോറും, ചിലപ്പോൾ ഈ വിഷയത്തെ കുറിച്ചുള്ള ഉപദേശം കൂടുന്നതിനു പകരം കുറയുന്നതായി കാണപ്പെടുന്നു. ഉപദേഷ്ടാക്കൾ ഒരുപക്ഷെ വികാരങ്ങൾ വൃണപ്പെടുത്തേണ്ട എന്നു കരുതുകയാവാം. വിവാഹത്തെക്കുറിച്ചും വിവാഹമോചനത്തെ കുറിച്ചും ഞാൻ ഉപദേശിക്കയും പ്രസംഗിക്കയും ചെയ്യുന്ന സമീപനം ഇങ്ങനെയായിരിക്കും: “ചിലപ്പോൾ നിങ്ങളിൽ ചിലർ വിവാഹമോചന ക്ലേശത്തിനിരയായിരിക്കാം. അത് അങ്ങനെ ആണെങ്കിലും അല്ലെങ്കിലും, നമ്മുടെ യുവാക്കളോട് വിവാഹം ആയുഷ്ക്കാലത്തേക്കാണെന്ന് പഠിപ്പിക്കുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെന്ന് എനിക്കറിയാം.'' ഈ സമീപനത്തോടുള്ള അടിസ്ഥാനപരമായ പ്രതികരണം ക്രിയാത്മകമായിരിക്കും. ഞാൻ ഉപദേശിക്കുമ്പോൾ, ചിലപ്പോൾ മത്തായി 19:3–9 ഉം മർക്കൊസ് 10:2–12 ഉം എടുത്ത് അതിലെ മുഖ്യ പോയിന്റുകൾ ദൃശ്യവൽക്കരിക്കും.

വിവാഹത്തിൽ പുരുഷൻ തന്റെ ഭാര്യയോടു പറ്റിച്ചേരും എന്നു യേശു പറയുകയുണ്ടായി (മത്തായി 19:4, 5).




രണ്ടുപേരും നിയമപരമായ ഉടമ്പടിയിൽ യോജിക്കുക മാത്രമല്ല,[1] എന്നാൽ അവരെ “യോജിപ്പിച്ചത്” ദൈവമാകുന്നു(മത്തായി 19:6).



അവർ മനുഷ്യരാൽ വേർപിരിഞ്ഞാൽ പോലും (മത്തായി 19:6)–അതായത് വിവാഹമോചനത്താൽ (✕)–അപ്പോഴും അവർ ദൈവത്താൽ യോജിപ്പിക്കപ്പെട്ടവരാണ്.




മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവർ അപ്പോഴും വിവാഹിതരാണ്.

അതുകൊണ്ട്, ഒരു പുരുഷൻ തന്റെ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരുത്തിയെ വിവാഹം കഴിച്ചാൽ അവൻ *വ്യഭിചാര*കുറ്റമുള്ളവനായിതീരുന്നു (മത്തായി 19:9).[2] അതിന്റെ കാരണം ദൈവദൃഷ്ടിയിൽ അവൻ തന്റെ ആദ്യ സ്ത്രീയെയാണ് വിവാഹം കഴിച്ചിരിക്കുന്നത്.




ഇത് ഒരു സ്ത്രീ തന്റെ ഭർത്താവിനെ ഉപേക്ഷിച്ച് മറ്റൊരുത്തനെ വിവാഹം കഴിച്ചാലും വാസ്തവമാണ് (മർക്കൊസ് 10:12).




ഒരു പങ്കാളി തന്റെ വിവാഹ പ്രതിജ്ഞകൾ അവനോടോ അവളോടോ ലംഘിക്കുന്ന സാഹചര്യം ഉണ്ടാകുമ്പോൾ മാത്രമാണ് ഒഴികഴിവ്.[3] അങ്ങനെ വരുമ്പോൾ, നിരപരാധിയായ കക്ഷിക്ക് ദൈവത്തെ കോപിപ്പിക്കാതെ പുനർ വിവാഹം[4] ആകാം.[5]

കുറിപ്പുകൾ

[1]രാജ്യത്തിന്റെ നിയമം നാം അനുസരിക്കണം എന്നാണ് ബൈബിൾ പറയുന്നത് (റോമർ 13:1). അതിൽ നിയമപരമായ വിവാഹത്തിന്റെ നിയമാവലികളും ഉൾപ്പെടുന്നു. [2]"വ്യഭിചാരം" എന്നതിന്റെ ഗ്രീക്ക് തർജ്ജിമ പൊതുവായി സൂചിപ്പിക്കുന്നത്, പുറപ്പാട് 20:14 ലേതുപോലെ ഏതുതരത്തിലുള്ള ലൈംഗിക പാപത്തേയുമാണ്. അത് വിവാഹം കഴിഞ്ഞ ഒരു വ്യക്തിയുടെ പ്രത്യേക ലൈംഗിക പാപവും ഉൾപ്പെടുന്നു. അത്തരത്തിലുള്ള ഉപയോഗം ഈ വേദഭാഗത്തിൽ തന്നെ പന്നീട് വരുന്നുണ്ട്. [3]ഈ അനുബന്ധ ലേഖനത്തിൽ ചാർട്ട് ഉപയോഗിച്ചപ്പോൾ അവസാനം, ഈ വാക്കുകൾ ഞാൻ അടിയിൽ രേഖപ്പെടുത്തി: "അധാർമികതക്കുള്ള: ഒഴികഴിവ്." ഗ്രീക്കിൽ "എക്സെപ്റ്റ് ഫോർ ഫോർണിക്കേഷൻ" (കെജെവി നോക്കുക). "പരസംഗം" എന്നത് പൊതുവായി വിവാഹം കഴിക്കാത്ത രണ്ട് വ്യക്തികൾ തമ്മിലുള്ള ലൈംഗികപാപത്തെ സൂചിപ്പിക്കുന്നു. ഈ വേദഭാഗത്തിൽ, പൊതുവായി സൂചിപ്പിച്ചിരിക്കുന്നത് വിവാഹശേഷമുള്ള ഏത് ലൈംഗീക പാപത്തേയുമാണ്. [4]"എക്സെപ്റ്റ് ഫോർ ഇമ്മോറാലിറ്റി" പരിഷ്കരിച്ചിരിക്കുന്നത് വിവാഹ മോചനത്തിനുവേണ്ടി മാത്രമല്ല പുനർ വിവാഹത്തിനു വേണ്ടിയും കൂടിയാണ് – അങ്ങനെ വീണ്ടും വിവാഹത്തിന് അനുവദിക്കുന്നു. എങ്ങനെയായാലും, ചിലർ വിചാരിക്കുന്നത് ആ വേദഭാഗം വിവാഹമോചനത്തെ മാത്രമാണ് അനുവദിക്കുന്നത് അല്ലാതെ പുനർ വിവാഹമല്ല എന്നാണ്. [5]യേശുവിന്റെ വാക്കുകൾ "നിരപരാധിയായ കക്ഷിക്ക്" വിവാഹ മോചനം *അനുവദിക്കുന്നുണ്ട്*. എന്നാൽ അത് *കല്പനയല്ല.* "വചനാനുസരണമാണെങ്കിൽപ്പോലും," വിവാഹ മോചനത്തെ ഒരിക്കലും നിസാരമായി കാണരുത്, അതിന് അപ്പോഴും അനന്തര ഫലങ്ങളുണ്ട് പ്രത്യകിച്ച് അതിന്റെ ഫലം കുട്ടികളിൽ ഉണ്ടാകും. "നല്ല ഒരു വിവാഹമോചനം" എന്ന ഒന്നില്ല.